**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1356** **04-07-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാരം പൂർണ്ണമായി ഉറപ്പാക്കാൻ പൊതുവിദ്യാഭ്യാസ-ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ ഇടയ്ക്കിടെ പരിശോധന നടത്തുവാൻ നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ; | (എ) | **സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണ നിലവാരം ഉറപ്പ വരുത്തുന്നതിനായി പ്രാദേശിക ആരോഗ്യ വകുപ്പ്-ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രതിനിധി കൾ തുടർച്ചയായി പരിശോധനകൾ നടത്താറുണ്ട്. എല്ലാ വിദ്യാഭ്യാസ ഉപജില്ല ഓഫീസിലും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉള്ള നൂൺമീൽ ഓഫീസർമാരെ നിയമിച്ചിട്ടുള്ളതും , ഈ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട എ.ഇ.ഒ യുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ ഒരു മാസം കുറഞ്ഞത് 10 സ്കൂളുകളിൽ സന്ദർശനം നടത്താറുണ്ട്. മറ്റു വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.** |
| (ബി) | ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നൂൺ ഫീഡിംഗ് സൂപ്പർവൈസർമാരുടെ തസ്തിക സൃഷ്ടിച്ച് പരിശോധനാ സംവിധാനം കുറ്റമറ്റതാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നൂൺ ഫീഡിംഗ് സൂപ്പർവൈസർമാരുടെ തസ്തിക യുടെ ആവശ്യകത ഉള്ള പക്ഷം ആയത് പരിശോധിക്കുന്നതാണ്. നിലവിൽ എല്ലാ ജില്ലയിലും വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലാ നോഡൽ ഓഫീസർ ആയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉപജില്ലാ നോഡൽ ഓഫീസർമാരും ആയി ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തൃപ്തികരമായി നടത്തി വരുന്നുണ്ട്. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഒരു സെക്ഷൻ നൂൺ ഫീഡിംഗ് സൂപ്പർവൈസർമാരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിൽ എന്തെല്ലാം പരിഷ്കാരങ്ങൾ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിയ്ക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഏറ്റവും മികച്ച രീതിയിൽ നടത്തി വരുന്ന ഒരു സംസ്ഥാനം ആണ് കേരളം. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തീരുമാനവും നിർദ്ദേശ വുമനുസരിച്ചാണ് പദ്ധതിയിൽ പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഫ്ലക്സി ഫണ്ടിന് കീഴിൽ വയനാട്, ഇടുക്കി ജില്ലകളിലേയും |

| | | | |
|---|---|---|---|
| | | | പാലക്കാട് ജില്ലയിലെ ട്രൈബൽ മേഖലകളിലും കുട്ടികൾക്ക് ആഴ്ചയിൽ 100 ഗ്രാം വീതം കപ്പലണ്ടി മിഠായി നൽകുന്ന ഒരു നൂതന പദ്ധതിയ്ക്ക് 2022-23 വർഷത്തെ വാർഷിക വർക്ക് പ്ലാൻ & ബജറ്റ് പ്രൊപ്പോസലിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കും ; ആയതിന് 13/05/2022-ൽ ചേർന്ന PAB യോഗം അനുമതി നൽകിയിട്ടുണ്ട്. 179000 കുട്ടികൾക്ക് പ്രയോജനപ്പെടുന്ന ടി പദ്ധതിയുടെ നടത്തിപ്പിനായി ഏകദേശം 2148 ലക്ഷം രൂപയാണ് ചെലവ് വരുന്നത്. ഇതിൽ 1288.80 ലക്ഷം രൂപ കേന്ദ്ര വിഹിതവും, 859.20 ലക്ഷം രൂപ സംസ്ഥാന വിഹിതവുമാണ്. നടപ്പ് വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ